കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാണിക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1661/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം, തീയതി: 09.08.2017.
ഫോൺ-0471-2331231
ഇ-മെയിൽ- lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )
മാണിക്കൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാണിക്കൽ ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1661/17 തീയതി: 09.08.2017.

<u>തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

<u>ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.10.2016 മുതൽ 31.05.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ച .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 16 എണ്ണം നൽകിയതിൽ 16 മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ

ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ജമാലുദ്ദീൻ.എ. (ഡെപ്യൂട്ടി ഡയറക്ടർ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.06.2017മുതൽ 20.06.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എ.നിസാമുദ്ദീൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ജയലക്ഷ്മി.ആർ., അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.വിനോദ്കുമാർ, സീ. ഗ്രേ.ഓഡിറ്റർ.<br>ശ്രീ.പി.കെ.വിനുകുമാർ., ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി.എസ്.സുജാത (01.04.2016 മുതൽ 31.03.2017 വരെ)

സെക്രട്ടറി : ശ്രീ.എം.പി.പ്രമോദ് (01.04.2016 മുതൽ 31.03.2017 വരെ)

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | രശ്മി.പി.നായർ | 01.04.2016 മുതൽ 31.08.2016 FNവരെ |
| | പ്രീതി | 31.08.2016 ANമുതൽ |

| | | |
|---|---|---|
| | | 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സുജാറാണി | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.നിഷ.സി.ആർ. | 01.04.2016മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | പ്രീതാകുമാരി | 01.04.2016 മുതൽ 30.06.2016 വരെ |
| | ശ്രീജ (ഇൻചാർജ്) | 01.07.2016 മുതൽ 31.08.2016 വരെ |
| | രശ്മി | 01.09.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. - I | ബിന്ദു.ടി.എസ്. | 01.04.2016 മുതൽ 31.10.2016 വരെ |
| | ആഹോഷ്ദർശൻ | 01.11.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. - II | ഹനീഫ | 01.04.2016മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | അലക്സാണ്ടർ ബോബി | 01.04.2016മുതൽ 31.03.2017 വരെ |
| അ.സെക്രട്ടറി | ബിജി ജോസഫ് | 01.04.2016 മുതൽ 29.08.2016 FN |

| | | |
|---|---|---|
| | | വരെ |
| | അജില | 29.08.2016 ANമുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |

| | | | |
|---|---|---|---|
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം - 2 | | |
| 12 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല – 187600/- രൂപ കുടിശ്ശിഖ | 2-1 | |
| | ഭാഗം-3 | | |
| 13 | തെരുവ് വിളക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല | 3-1 | |
| 14 | വയോജന സൗഹൃദ പഞ്ചായത്ത് - പദ്ധതി ആസൂത്രണം ചെയ്ത പ്രകാരം നടപ്പാകുന്നില്ല. | 3-2 | |

| | | | |
|---|---|---|---|
| | | | |
| 15 | സമ്പൂർണ്ണ അംഗൻവാടി പുനരുദ്ധാരണം പദ്ധതി നടത്തിപ്പ് പി.ഡബ്ല്യൂ. ഡി.-യെ എൽപ്പിച്ചതിനാൽ പൂർത്തീകരിക്കാൻ കാലതാമസം - സർക്കാർ നടപടി ആവശ്യം | 3-3 | |
| 16 | നവകേരള മിഷൻ (ലൈഫ്) ഭൂരഹിത ഗ്രാമം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ നടപ്പിലാക്കി. | 3-4 | |
| 17 | ഹോംകോയിൽ നിന്നും യഥാസമയം മരുന്ന് ലഭ്യമായിട്ടില്ല – 4,00,000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-5 | |
| 18 | പൊതുമരാമത്ത് പ്രവർത്തികൾ - അപാകതകൾ | 3-6 | |

| | | | |
|---|---|---|---|
| 19 | ജലനിധി പദ്ധതി പൂർത്തീകരണത്തിലെ അപാകതകൾ | 3-7 | |
| 20 | മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ റദ്ദാക്കി റീ ടെണ്ടർ ചെയ്യുവാനുള്ള കമ്മിറ്റി തീരുമാനം സമാന സാഹചര്യത്തിൽ പരിഗണിച്ചില്ല. | 3-8 | |
| | ഭാഗം - 4 | | |
| 21 | സംയുക്ത പ്രോജക്ട്- ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 24 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |

| | | | |
|---|---|---|---|
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 26 | ഓഡിറ്റ് റിക്കവറി | 4-6 | |
| 27 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 17.03.2016 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 257179483/-രൂപ വരവും 236672345/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. യഥാർത്ഥ വരവ് മുന്നിരിപ്പ് ഉൾപ്പെടെ 93720561/-രൂപയും ചെലവ് 69802323/-രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| - | - | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| - | - | - |

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി : 24199821

വരവ് : 69520740

ആകെ : 93720561

ചെലവ് : 69802323

നീക്കിബാക്കി : 23918238

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 15370308 | 15370308 | 15370308 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8917066 | 8917066 | 8917066 | 0 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | 0 | 151275 | 151275 | 151275 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 3057233 | 3057233 | 3057233 | 0 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 0 | 3849658 | 3849658 | 3849658 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6585494 | 6585494 | 6585494 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2578316 | 2578316 | 2578316 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 1000 | 1239432 | 1240432 | 1238773 | 1659 |
| ബി-ഫണ്ട് | 0 | 1097600 | 1097600 | 1097600 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 9052143 | 12163680 | 21215823 | 13377316 | 7838507 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | (എണ്ണം) | | |
| 139 | 68242266 | 109 | 44719176 | - | 30 | 78.4 % |

പദ്ധതി നിർവ്വഹണത്തിൽ ഗ്രാമ പഞ്ചായത്ത് അധികൃതർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കാർഷിക മേഖലയിലെ പദ്ധതികൾക്ക് തൻവർഷം കൂടുതൽ പ്രാധാന്യം നൽകിയിട്ടില്ല. പശ്ചാത്തല മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടും വിധം നടപ്പിലാക്കേണ്ടതാണ്. ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും, അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

## 1-7 തനതുവരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 6342705 | 8392574 | 2049869 |
| നികുതിയേതര വരവുകൾ | 868146 | 2324790 | 1456644 |
| ആകെ | 7210851 | 10717364 | 3506513 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത | 1092600 | 692 |

| | | |
|---|---|---|
| വേതനം | | |
| വാർദ്ധക്യകാല പെൻഷൻ | 39366700 | 3724 |
| കർഷക തൊഴിലാളി പെൻഷൻ | 4110300 | 447 |
| വിധവാപെൻഷൻ | 20575600 | 1876 |
| അവിവാഹിത പെൻഷൻ | 411600 | 38 |
| വികലാംഗ പെൻഷൻ | 4808100 | 463 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.06.2017-ന് രാവിലെ 10.15-ന് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7889/-രൂപ നീക്കിയിരിപ്പുള്ളതായി ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

ഡേഡേഴ്സ് രജിസ്റ്ററുകൾ, തനതു വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ മുതലായവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. വരുമാനങ്ങളുടെ നിജസ്ഥിതി ഉറപ്പാക്കുന്നതിനും അവ വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത രജിസ്റ്ററുകൾ അനിവാര്യമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | ഓഡിറ്റ് നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.04.2017 | 01.01.2017മുതൽ 31.03.2017വരെ | - |
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 27.01.2017 | 2011-12 മുതൽ 2015-16 വരെ | 15.03.2017 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല – 187600/-രൂപ കുടിശ്ശികയുണ്ട്.

കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 204, കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ -1996 ചട്ടം (3) പ്രകാരം ഓരോ അർദ്ധ വർഷത്തിലും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 2016-17 സാമ്പത്തിക വർഷം രണ്ടാം അർദ്ധ വർഷം ശാന്തിഗിരി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പ് 15-ന് നൽകിയ മറുപടിയിൽ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ രജിസ്റ്ററിൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിനായി നീക്കിവച്ച പേജിൽ 187600/-രൂപ എന്നുമാത്രം രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ ശാന്തിഗിരി സ്ഥാപനങ്ങളിൽ നിന്ന് നിയമാനുസൃത മുള്ള പിഴപ്പലിശ ഉൾപ്പെടെ 2016-17-ലെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെരുവ് വിളക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല.

ജി.ഒ(എം.എസ്)34/2003/പി.ഡി/02.12.2003, സ.നം.65529/ഡി.സി.3 /12.ത.സ്വ.ഭ.വ. 12.03.2013, സ.നം.9541/ഡി.പി.1/05/ത.സ്വ.ഭ.വ. 02.01.2006

എന്നിവ അനുസരിച്ച് തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ കെ.എസ്.ഇ.ബി-യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിനെക്കുറിച്ചുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പ് 9-ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തെരുവ് വിളക്ക് പരിപാലന രജിസ്റ്ററും ലഭ്യമല്ല. സർക്കാർ ഉത്തരവുകളും തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലറുകളും അനുസരിച്ച് അടിയന്തിരമായി സംയുക്ത പരിശോധന നടത്തേണ്ടതാണ്.

## 3-2 <u>വയോജന സൗഹൃദ പഞ്ചായത്ത് - പദ്ധതി ആസൂത്രണം ചെയ്ത പ്രകാരം നടപ്പാകുന്നില്ല.</u>

ഗ്രാമപഞ്ചായത്തിൽ 2016-17 കാലയളവിൽ മെഡിക്കൽ ഓഫീസർ (അലോപ്പതി), മെഡിക്കൽ ഓഫീസർ (ആയുർവേദം) എന്നീ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ വയോജന സൗഹൃദ പഞ്ചായത്ത് -മരുന്നു വിതരണം പദ്ധതികൾ പദ്ധതി ആസൂത്രണം ചെയ്ത പ്രകാരമല്ല നടത്തിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലെ 60 വയസിനുമുകളിൽ പ്രായമായവരിൽ നിന്ന് വയോജനസഭ തിരഞ്ഞെടുത്ത, വയോജന കൗൺസിൽ അംഗീകരിച്ച ഗുണഭോക്താക്കൾക്ക് ചികിത്സയ്ക്കും പരിശോധനയ്ക്കും മരുന്നും മറ്റ് സാധനങ്ങളും മെഡിക്കൽ ഓഫീസർ (അലോപ്പതി/ആയുർവേദം) വാങ്ങി അതാത് പ്രൈമറി ഹെൽത്ത് സെന്റർ/ആയുർവേദ ഡിസ്പെൻസറിയുടെ കണക്കിൽപ്പെടുത്തി വാർഡുകളിൽ വച്ച് വിതരണം ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യംവയ്ക്കുന്നത്.

എന്നാൽ ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.7) ലഭിച്ച മറുപടി പ്രകാരം വയോജന സഭയോ വയോജന കൗൺസിലോ അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമല്ലായെന്നും ഹെൽത്ത് സെന്റർ/ഡിസ്പെൻസറിയിൽ എത്തുന്ന രോഗികൾക്കാണ് പദ്ധതി പ്രകാരമുള്ള മരുന്ന് വിതരണം ചെയ്യുന്നത്.

ആയതിനാൽ തുടർന്ന് പദ്ധതികൾ നടപ്പാക്കുമ്പോൾ ആസൂത്രണം ചെയ്ത പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 <u>സമ്പൂർണ്ണ അംഗൻവാടി പുനരുദ്ധാരണം - പദ്ധതി നടത്തിപ്പ് പി.ഡബ്ല്യു.ഡി-യെ ഏൽപ്പിച്ചതിനാൽ</u>

## പൂർത്തീകരിക്കാൻ കാലതാമസം - സർക്കാർ നടപടി ആവശ്യം.

പ്രോജക്ട് നം. : S0169/17

അടങ്കൽ : 10,00,000/- (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)

ചെലവ് : 10,00,000/- (ബിൽ നം.24 – 169/17.തീ.30.03.17)

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി.

സാമൂഹ്യനീതി ഡയറക്ടറുടെ 23.11.2016-ലെ ICDS-A7-3187/16 നമ്പർ നടപടിക്രമ പ്രകാരം അംഗൻവാടി കെട്ടിടങ്ങളുടെ ഘടനയും ചുറ്റുപാടും കുട്ടികൾക്ക് അനുയോജ്യമായ രീതിയിൽ മാറ്റുന്നതിനായി ഒരു അംഗനവാടിക്ക് 1 ലക്ഷം രൂപ ചെലവഴിച്ച് അംഗൻവാടി കെട്ടിടങ്ങൾ നവീകരിക്കാനായി ഒരു ലക്ഷം രൂപയുടെ 40% തുക തദ്ദേശ സ്വയം ഭരണ സ്ഥാപനം വഹിക്കണമെന്നും പ്രസ്തുത പ്രവർത്തനത്തിന്റെ എസ്റ്റിമേറ്റ് പഞ്ചായത്ത് അസ്.എഞ്ചിനീയർ തയ്യാറാക്കി നിർമ്മാണ ഏജൻസിയായ പി.ഡബ്ല്യൂ.ഡി-യ്ക്ക് സമർപ്പിക്കണമെന്നും നിർദ്ദേശിക്കുന്നു. കൂടാതെ നവീകരണ പ്രവർത്തനം 2017 ഫെബ്രുവരി മാസത്തിനകം പൂർത്തിയാക്കണമെന്നും നിർഷ്കർഷിക്കുന്നു. മേലുത്തരവനുസരിച്ച് 25 അംഗൻവാടികളുടെ പുനരുദ്ധാരണത്തിനായി എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഒരു അംഗൻവാടിക്ക് 40,000/-രൂപ വെച്ച് 10,00,000/-രൂപ എക്സി.എഞ്ചിനീയർ പി.ഡബ്ല്യൂ.ഡി ബിൽഡിംഗ് ഡിവിഷൻ, തിരുവനന്തപുരം-ന്റെ 8443-108-PWD Deposit എന്ന് അക്കൗണ്ടിലേയ്ക്ക് തുക മാറ്റുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യ നീതി വകുപ്പിന്റെ 23.11.2016-ലെ ഉത്തരവ് പ്രകാരം പ്രവർത്തനം 2017 ഫെബ്രുവരി മാസത്തിനകം തീർക്കണമെന്നും സൂചിപ്പിക്കുന്നുണ്ടെങ്കിലും തുക കൈമാറിയിരിക്കുന്നത് 30.03.2017-ലാണ്. മേൽപ്പറഞ്ഞ പദ്ധതിയിലെ പ്രധാനപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. എല്ലാ പഞ്ചായത്തിലും മരാമത്ത് പ്രവൃത്തികൾക്കായി അസി.എഞ്ചിനീയർമാർ ഉണ്ടെന്നിരിക്കേ, അവരുടെ സേവനം പ്രയോജനപ്പെടുത്തി അതാത് പഞ്ചായത്തുകളിൽ തന്നെ അംഗൻവാടി നിർമ്മിക്കുന്നതിന് പകരം പി.ഡബ്ല്യൂ.ഡി-യെ പദ്ധതി നടപ്പിലാക്കുന്നതിനായി ഏൽപ്പിച്ചതിനാൽ പഞ്ചായത്തുകളുടെ ഫണ്ട് പി.ഡബ്ല്യൂ.ഡി- യുടെ അക്കൗണ്ടിൽ നിഷ്ക്രിയമായികിടക്കുകയും, സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാനാകാത്ത അവസ്ഥയുമാണുള്ളത്. മേൽ വിഷയം

ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഭരണ സമിതി മുൻകൈ എടുക്കേണ്ടതാണ്.

2. 2017 ഫെബ്രുവരിയ്ക്കകം പദ്ധതി പൂർത്തിയാക്കണമെന്ന് സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നതിന് വിരുദ്ധമായി 30.03.2017-ലാണ് തുക, പി.ഡബ്ല്യു.ഡി-യ്ക്ക് കൈമാറിയിരിക്കുന്നത്. മേൽ വിഷയത്തെക്കുറിച്ച് ഓഡിറ്റ് എൻക്വയറി മുഖേന അന്വേഷിച്ചതിൽ ഫണ്ട് ലഭ്യതകുറവിനാലാണ് പദ്ധതി രൂപീകരണത്തിന് കാലതാമസം നേരിട്ടതെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ പദ്ധതിയുടെ നിലവിലത്തെ അവസ്ഥ ഭരണ സമിതി ചർച്ചചെയ്ത് സ്ഥിതി സർക്കാരിനെ അറിയിക്കേണ്ടതും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി എടുക്കേണ്ടതുമാണ്.

## 3-4 നവകേരള മിഷൻ (ലൈഫ്) ഭൂരഹിത ഗ്രാമം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ നടപ്പിലാക്കി.

1) പ്രോജക്ട് നം. : S0155/17

അടങ്കൽ : 42,00,000/- (വികസന ഫണ്ട്-ജനറൽ ഫണ്ട്)

ചെലവ് : 42,00,000/- (ബിൽ നം.05/2016-17, തീ.28.02.17)

ഭരണാനുമതി : 2 (17/17/28.12.2016)

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - II

'നവകേരള മിഷൻ (ലൈഫ്) ഭൂരഹിത ഗ്രാമം' എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി ഗ്രാമസഭ വഴി തെരഞ്ഞെടുത്ത 42 ഗുണഭോക്താക്കൾക്ക് (പൊതുവിഭാഗം) ഒരു ലക്ഷം വീതം ഭൂമി വാങ്ങുന്നതിനായി നൽകിയിട്ടുണ്ട്.

സർക്കാരിന്റെ 08.11.2016-ലെ സ.ഉ(കൈ.)160/16/ത.സ്വ.ഭ.വ. 08.11.16 നമ്പർ ഉത്തരവ് പ്രകാരം സമഗ്രകേരള വികസനത്തിന് വേണ്ടി ജനപങ്കാളിത്തത്തോടെ എല്ലാ ഭവന രഹിതർക്കും വീട് ലഭ്യമാക്കുന്നതിനും, ഭൂരഹിത-ഭവന രഹിതർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുകയും ചെയ്യുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്)യുടെ ലക്ഷ്യം.

കേന്ദ്ര സർക്കാർ 2011-ൽ നടത്തിയ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരം ലഭ്യമായ ഭൂരഹിത-ഭവന രഹിതരുടെയും പട്ടികയും, തദ്ദേശ

സ്വയം ഭരണ സ്ഥാപനങ്ങളുടെ പക്കൽ വിവിധ പദ്ധതികളിലേയ്ക്കായി തയ്യാറാക്കിയ ഭൂരഹിത-ഭവന രഹിതരുടെ പട്ടികയും സൂചകങ്ങളായി ഉപയോഗിച്ച് സർവ്വേ നടത്തിവേണം അർഹരായവരെ കണ്ടെത്തേണ്ടത്. കൂടാതെ ഈ ലിസ്റ്റുകളിൽ ഉൾപ്പെടാത്ത അർഹരായ കുടുംബങ്ങളെ കുടുംബശ്രീ പ്രവർത്തകർ നേരിട്ട് കണ്ടെത്തേണ്ടതാണ്. കൂടാതെ സ്വന്തമായി വീടും സ്ഥലവുമില്ലാത്തവർക്ക് സ്ഥലം ലഭ്യമാക്കി ഓരോ പ്രദേശങ്ങൾക്കനുയോജ്യമായ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകാനാണ് ഉത്തരവിൽ നിഷ്കർഷിക്കുന്നത്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളൊന്നും പാലിക്കാതെ 42 ഗുണഭോക്താക്കളെ ഗ്രാമസഭ വഴി കണ്ടെത്തി ഒരു ലക്ഷം രൂപ വീതം അവർക്ക് ഭൂമി വാങ്ങുന്നതിനായി നൽകുക വഴി പദ്ധതിയുടെ ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുകയാണ് ഉണ്ടായത്.

പാവപ്പെട്ടവർക്ക് ഒരു കൂര എന്നതിലുപരി ഓരോ വീട്ടിലെയും ഒരാൾക്കെങ്കിലും മെച്ചപ്പെട്ട തൊഴിൽ പരിശീലനം, അടിസ്ഥാന സൗകര്യങ്ങൾ, വിവിധ സാമൂഹിക സേവനങ്ങൾ, ചികിത്സയ്ക്കും കുട്ടികളുടെ വിദ്യാഭ്യാസത്തിനുമുള്ള സൗകര്യങ്ങൾ എന്നിവ പരിസരത്ത് തന്നെ ലഭ്യമാകുന്ന രീതിയിൽ സുരക്ഷിതമായ ഭവനങ്ങൾ ഉൾപ്പെടുത്തി ഫ്ലാറ്റ് സംവിധാനത്തിലുള്ള പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കാനാണ് മേൽപദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

എന്നാൽ പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്നും മാറി നടപ്പിലാക്കിയതിനാൽ സർക്കാർ പ്രഖ്യാപിച്ച പദ്ധതിയുടെ ഉദ്ദേശ്യശുദ്ധി നഷ്ടപ്പെടുകയാണുണ്ടായത്.

മേൽ വിഷയം ഭരണസമിതി ഗൗരവമായി ചർച്ച ചെയ്ത് സർക്കാർ നിർദ്ദേശിച്ച രീതിയിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

## 3-5 ഹോംകോയിൽ നിന്നും യഥാസമയം മരുന്ന് ലഭ്യമായിട്ടില്ല - 4,00,000/- രൂപ തടസ്സപ്പെട്ടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ' (SOO5/17), 'വയോസൗഹൃദ ഗ്രാമപഞ്ചായത്ത് - ഹോമിയോ മരുന്ന് വിതരണം' (SO-124/17) എന്നീ പദ്ധതികൾക്കായി മരുന്ന് വാങ്ങുന്നതിനായി ചുവടെ ചേർത്ത വിധം 4,00,000/-രൂപ കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്-ന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല.

1) പ്രോജക്ട് : ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം. : SOO5/17

അടങ്കൽ : 2,00,000/- (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)

ചെലവ് : 2,00,000/- (ബിൽ നം.15-05/16-17 തീ.28.01.17)

2) പ്രോജക്ട് : വയോ സൗഹൃദ ഗ്രാമ പഞ്ചായത്ത് - ഹോമിയോ മരുന്ന് വിതരണം

പ്രോജക്ട് നം. : SO124/17

അടങ്കൽ : 2,00,000/- (വികസന ഫണ്ട് - ജനറൽ)

ചെലവ് : 2,00,000/- (ബിൽ നം.14-124/16-17 തീ.28.01.17)

4,00,000/-രൂപ 2/2017 മാസത്തിൽ HOMCO -യിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിൽ എടുക്കുന്നതുവരെ 4,00,000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 പൊതുമരാമത്ത് പ്രവർത്തികൾ - അപാകതകൾ

1) കുതിരകുളം - മാങ്കുഴി റോഡ് - ഓട നിർമ്മാണം -

സെന്ററിംഗ് & ഷട്ടറിംഗ് - അധിക നിരക്ക് അനുവദിച്ചു - 13031/-രൂപ നഷ്ടം.

പ്രോജക്ട് നം. : SOO50/16, SO112/17

അടങ്കൽ : 4,95,000/- (മെയിന്റനൻസ് ഗ്രാന്റ് - റോഡ്)

ചെലവ് : 3,40,723/- (ബിൽ നം.02 തീ.18.10.2016)

എം.ബുക്ക് നം. : 507/12-13

കരാറുകാരൻ : പി.രത്നാകരൻ, ഷീലാമന്ദിരം, വെഞ്ഞാറമൂട്. (25% കുറവിൽ)

കുതിരകുളം - മാങ്കുഴി റോഡ് - ഓടനിർമ്മാണം എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ് ഐറ്റം 3 പ്രകാരം ഓട നിർമ്മാണത്തിനുള്ള സെന്ററിംഗ്, ഷട്ടറിംഗ് എന്നിവയുടെ DSR റേറ്റ് 5.9.1-ലെ 280.66 ആണ് അനുവദനീയം. എന്നാൽ DSR റേറ്റ് 5.9.2 പ്രകാരമുള്ള 515.46 ആണ് നൽകിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു. എം.ബുക്ക് പേജ് 10 പ്രകാരം

അനുവദിച്ച തുക = 74 $m^2$ x 515.46 = 38144.04 (25% കുറവ്) = 28608.03

അനുവദനീയമായ തുക = 74 $m^2$ x 280.66 = 20768.84 (25% കുറവ്) = 15576.63

അധികം നൽകിയത് = 28608.03 – 15576.63 = 13031.40 രൂപ.

=======

2) <u>ഓട പ്ലാസ്റ്ററിംഗ് - അധിക നിരക്ക് അനുവദിച്ചു - 19403/-രൂപ നഷ്ടം</u>

മേൽ പ്രവൃത്തിയുടെ ഭാഗമായി ഓട പ്ലാസ്റ്ററിംഗിന് അനുവദിക്കേണ്ടത് DSR 13.16.1 പ്രകാരമുള്ള 6 mm cement plaster mix 1:3 എന്ന ഇനത്തിന്റെ 192.44 എന്ന നിരക്കാണ്. എന്നാൽ DSR 11.6.1-ലെ റേറ്റായ 181.81 ആണ് അനുവദിച്ചിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

അനുവദനീയമാത് = 74 $m^2$ x 192.44 = 14240.56 (25% കുറവ്) = 10680.42

അനുവദിച്ചത് = 83.25 $m^2$ x 481.81 = 40110.68 (25% കുറവ്) = 30083

അധികം നൽകിയത് = 10680.42 – 30083 = 19402.58 രൂപ.

=======

രണ്ട് പ്രവൃത്തികളിലൂടെയുണ്ടായ നഷ്ടം 32433.98 രൂപ കരാറുകാരനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.11-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3) <u>പെർഫോമൻസ് ഗ്യാരന്റി ഡെപ്പോസിറ്റ് ഈടാക്കിയില്ല</u>

മേൽ പ്രവൃത്തി നടത്തിയ കരാറുകാരൻ എസ്റ്റിമേറ്റ് തുകയേക്കാൾ 25% കുറച്ചാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. കേരള പൊതുമരാമത്ത് മാന്വൽ ജി.ഒ.(പി)13/2012/PWD/01.02.12 സെക്ഷൻ 2009.7 പ്രകാരം കരാറുകാരനിൽ നിന്നും പെർഫോമൻസ് ഗ്യാരണ്ടി ഡെപ്പോസിറ്റ് ഈടാക്കേണ്ടതും, defect liability period കഴിഞ്ഞ് 28 ദിവസത്തിന് ശേഷം കരാറുകാരന്റെ രേഖാമൂലമുള്ള അപേക്ഷയിൽ തിരികെ നൽകേണ്ടതുമാണ്. ഭാവിയിൽ മേൽ വിഷയത്തിൽ വീഴ്ച വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 ജലനിധി പദ്ധതി പൂർത്തീകരണത്തിലെ അപാകതകൾ

മാണിക്കൽ ഗ്രാമപഞ്ചായത്ത് മേഖലയിൽ ശുദ്ധജലവിതരണം

കാര്യക്ഷമമാക്കാനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ ജലനിധി പദ്ധതിയിൽ 26 ശുദ്ധജല വിതരണ പദ്ധതികൾ ഉൾപ്പെടുന്നു. ഇതിൽ 3 എണ്ണം പൂർണ്ണമായും പ്രവർത്തനരഹിതമെന്നാണ് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ വ്യക്തമായത്. ഈ പ്രോജക്ടുകൾക്കായി 3213626/-രൂപ ചെലവായിട്ടുണ്ട്. 4 പദ്ധതികൾ ഭാഗികമായാണ് പ്രവർത്തിക്കുന്നത്. പദ്ധതികളിൽ കൃത്യമായ അറ്റകുറ്റപ്പണികൾ നടക്കുന്നില്ല. ജലശുദ്ധീകരണ പദ്ധതികൾ ഫലപ്രദമായി നടക്കുന്നില്ല. ജലനിധി പദ്ധതി കാര്യക്ഷമമാക്കുന്നതിനായി പഞ്ചായത്ത് ഭരണ സമിതി കൃത്യമായ മോണിറ്ററിംഗ് നടത്താൻ ശ്രദ്ധിക്കണം

## 3-8 <u>മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ റദ്ദാക്കി റീ ടെണ്ടർ ചെയ്യുവാനുള്ള കമ്മിറ്റി തീരുമാനം സമാന സാഹചര്യത്തിൽ പരിഗണിച്ചില്ല.</u>

2015-16 മരാമത്ത് പ്രവൃത്തികളിൽ 10.07.2015-ൽ ടെണ്ടറിൽ കരാറുകാർ ഒത്തുകളിച്ച് എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ സമർപ്പിച്ചതായി ഭരണ സമിതിയ്ക്ക് ബോധ്യം വന്നപ്പോൾ 31.01.2015-ൽ തീരുമാനം നമ്പർ 2 പ്രകാരം ഓട നിർമ്മാണം, റോഡ് ടാറിംഗ്, റീ ടാറിംഗ്, റോഡ് കോൺക്രീറ്റ്, നടപ്പാത നിർമ്മാണം എന്നിങ്ങനെ 18 പ്രവൃത്തികളുടെ ടെണ്ടർ കമ്മിറ്റി റദ്ദ് ചെയ്യുകയും അവ റീ ടെണ്ടർ ചെയ്യുകയും ഉണ്ടായി. 08.05.2015-ലെ ടെണ്ടറിൽ 25% വരെ കുറഞ്ഞ റേറ്റുകളാണ് സമാന പ്രവൃത്തികളിൽ കരാറുകാർ ക്വാട്ട് ചെയ്തിരുന്നത് എന്നാണ് കമ്മിറ്റി ഇപ്രകാരം തീരുമാനം കൈക്കൊള്ളുന്നതിന് ആധാരമായത്. "ഇപ്പോൾ എസ്റ്റിമേറ്റ് റേറ്റിൽ പ്രവൃത്തി ക്വാട്ട് ചെയ്തിരിക്കുന്നത് ഒത്തുകളി മൂലമാണെന്ന് സംശയമുള്ളതിനാലും പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടമുണ്ടാക്കുന്നതിനാലും താഴെപ്പറയുന്ന ടെണ്ടറുകൾ റദ്ദാക്കുന്നതിന് തീരുമാനിച്ചു" എന്നാണ് മിനിട്സ് രേഖപ്പെടുത്തൽ. ഇപ്രകാരം റീ ടെണ്ടറിൽ പ്രവൃത്തികൾ കുറഞ്ഞ നിരക്കിൽ ടെണ്ടർ ലഭിക്കുകയുണ്ടായി.

എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ ഏതാണ്ട് സമാന സാഹചര്യത്തിൽ പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിലും അത് പോലെ തന്നെ വളരെ കുറഞ്ഞ നിരക്കിലും ക്വാട്ട് ചെയ്യുകയുണ്ടായി. എന്നാൽ ഇത്തവണ ആദ്യ ടെണ്ടർ പുനപരിശോധിക്കുന്ന നടപടി ഉണ്ടായില്ല. 23.11.2016-ലെ പരസ്യത്തിലൂടെ ലഭിച്ച ടെണ്ടറുകളിൽ റോഡ് കോൺക്രീറ്റ് (26.8%), ടാർ, റീടാർ (13.5%), പാർശ്വഭിത്തി നിർമ്മാണം (33%) എന്നിങ്ങനെ കുറഞ്ഞ ടെണ്ടർ ലഭിച്ചപ്പോൾ സമാന പ്രവൃത്തികൾ തന്നെ ഇതേ ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിലും എസ്റ്റിമേറ്റി

നിരക്കിനോട് അടുത്ത കുറഞ്ഞ നിരക്കുകളിലും ക്വാട്ട് ചെയ്തിരിക്കുന്നു. എന്നാൽ ഇത്തരം ടെണ്ടറുകൾ പുനപരിശോധിക്കുന്നതിനോ അല്ലെങ്കിൽ കരാറുകാരുമായി നെഗോഷ്യേറ്റ് ചെയ്യുന്നതിനോ തയ്യാറായിട്ടില്ല. 2015-16-ൽ കൈക്കൊണ്ട അനുകരണീയ മാതൃക 2016-17-ൽ സമാന വിഷയത്തിൽ പിൻതുടർന്നെങ്കിൽ മരാമത്ത് പ്രവൃത്തികൾ ലാഭകരമായി ചെയ്യുന്നതിന് കഴിയുമായിരുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി ലോൺ തിരിച്ചടവ് | 727/2010/ LSGD dt.04.03.10 | 11300000 | 4520000 | 1130000 | - | 3390000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 57,751/-രൂപ ഈടാക്കിയിട്ടുണ്ട്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്<br>(മുന്നിരിപ്പ് ഉൾപ്പെടെ) | 93720561/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69802323 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 32434/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,00,000/- |

*(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>*

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്ന തുക | സർചാർജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 3-6(1) | - | 13031 | രശ്മി.പി.നായർ, അസി.എഞ്ചിനീയർ |
| 3-6(2) | - | 19403 | രശ്മി.പി.നായർ, അസി.എഞ്ചിനീയർ |

*<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|

| | | |
|---|---|---|
| 3-5 | 400000 | പ്രമോദ്.എം.സി, സെക്രട്ടറി |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രശ്മി.പി.നായർ,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>മാണിക്കൽ ഗ്രാമപഞ്ചായത്ത്. | ലതാനിവാസ്,<br>മരുതൂർ, വട്ടപ്പാറ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1998-99 | എൽഎഫ്.റ്റി.ഡി.ജി.പി.10/1285/03<br>31.05.04 | 15 |
| 1999-2000 | എൽഎഫ്.റ്റി.ഡി.ജി.പി.10/1630/04<br>9.04.05 | 8 |
| 2000-01 | എൽഎഫ്.റ്റി.ഡി.ജി.പി.10/243/04<br>15.05.05 | |
| 2001-02 | എൽഎഫ്.റ്റി.ഡി.ജി.പി.10/198/04<br>21.12.05 | 10 |
| 2002-03 | എൽഎഫ്.റ്റി.ഡി.ജി.പി.9/574/08<br>2.07.08 | 4 |
| 2003-04 | എൽഎഫ്.റ്റി.ഡി.ജി.പി.9/1777 / 08<br>13.07.09 | 3 |
| 2004-05 | എൽഎഫ്.റ്റി.ഡി.ജി.പി.9/1778/08<br>13.07.09 | 3 |
| 2005-06 | എൽഎഫ്.റ്റി.ഡി.ജി.പി.9/1778<br>/08/13.07.09 | 14 |
| 2006-07 | എൽഎഫ്.റ്റി.ഡി.ജി.പി.10/1719/08<br>13.07.09 | 6 |
| 2007-08 | എൽഎഫ്.റ്റി.ഡി.ജി.പി.10/1243/11<br>11.04.11 | 14 |

| | | |
|---|---|---|
| 2008-09 | എൽഎഫ്.റ്റി.ഡി.ജി.പി.10/244/11 11.04.11 | 11 |
| 2009-10 | എൽഎഫ്.റ്റി.ഡി.ജി.പി.10/884/11 25.05.11 | 8 |
| 2010-11 | എൽഎഫ്.റ്റി.ഡി.ജി.പി.10/2197(A)/12 8.04.13 | ലഭ്യമല്ല. |
| 2011-12 | എൽഎഫ്.റ്റി.ഡി.ജി.പി.10/1598/13 5.09.13 | ലഭ്യമല്ല. |
| 2012-13 | എൽഎഫ്.റ്റി.ഡി.ജി.പി.10/2536/13 3.02.14 | ലഭ്യമല്ല. |
| 2013-14 | എൽഎഫ്.റ്റി.ഡി.ജി.പി.10/415/15 18.05.15 | ലഭ്യമല്ല. |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1260/16 07.07.16 | ലഭ്യമല്ല. |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1934/16 തീ. 14.11.16 | - |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം - 1

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994

ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും അപാകങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

## അപാകങ്ങൾ

1. ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ പൂർണ്ണമായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ്

വകുപ്പ്.